# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂൺ 13, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 339)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | 1321 മുതൽ 1418 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | 1419 മുതൽ 1454 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | 1455 മുതൽ 1555 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | 1556 മുതൽ 1659 വരെ |

## മിഷൻ 676 ൽ ഗ്രാമീണമേഖലയിലെ വികസന മുന്നേറ്റം പദ്ധതികൾ

1321 ശ്രീ. ഹൈബി ഈഡൻ
'' സണ്ണി ജോസഫ്
'' എം. പി. വിൻസെന്റ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീഷൻ 676 ൽ ഉൾപ്പെടുത്തി ഗ്രാമീണമേഖലയിലെ വികസന മുന്നേറ്റത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കുനുദ്ദേശിക്കുന്നതെന്നും; വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>സസ്റ്റെയിനബിൾ ഇൻകം ജനറേറ്റിംഗ് സ്കീം</u>

1322 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, എം.എ. വാഹീദ്
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് 'സസ്റ്റെയിനബിൾ ഇൻകം ജനറേറ്റിംഗ് സ്കീം' ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സ്വയം സഹായ സംഘങ്ങൾക്ക് വായ്പയും സബ്സിഡിയും നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>ഗ്രാമവികസന ബ്ലോക്കുകൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ക്രമപ്പെടുത്തൽ</u>

1323 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവർത്തന സൗകര്യത്തിനായി ഗ്രാമവികസന ബ്ലോക്കുകൾ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രമപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വികസന ബ്ലോക്കുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1324 ശ്രീ. വി. റ്റി. ബൽറാം
,, കെ. മുരളീധരൻ
,, പി. എ. മാധവൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ഭൗതിക സാമ്പത്തിക നേട്ടങ്ങളാണ് ഇക്കാലയളവിൽ കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലെ സ്ത്രീ തൊഴിലാളികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിനെ അപേക്ഷിച്ച് ഇക്കാലയളവിൽ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് പെൻഷൻ</u>

1325 ശ്രീ. എം.എ. വാഹിദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്കായി പെൻഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഗുണഭോക്താക്കളാണ് പദ്ധതിയുടെ കീഴിൽ വരുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി കുടിശ്ശിക</u>

1326 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത തൊഴിലാളികൾക്ക് യഥാസമയം കൂലി ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എത്ര മാസത്തെ കുടിശ്ശികയാണ് കൊടുത്തു തീർക്കുവാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പതിനഞ്ചു ദിവസത്തിലധികം കുടിശ്ശിക വന്നാൽ പലിശ കണക്കാക്കണമെന്ന നിയമത്തിലെ വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

1327 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തികവർഷം കേരളത്തിൽ എത്ര കുടുംബങ്ങളാണ് പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇവരിൽ എത്ര പേർക്കാണ് തൊഴിൽ നൽകുവാൻ കഴിഞ്ഞതെന്നും വ്യക്തമാക്കുമോ;

(ബി) ബാക്കിയുള്ളവർക്ക് തൊഴിൽ കൊടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടത്തിപ്പിലൂടെ എത്ര തൊഴിൽ ദിനങ്ങളാണ് കഴിഞ്ഞ സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ടതെന്നും എത്ര തൊഴിലാളികൾക്കാണ് 100 ദിവസം തൊഴിൽ ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു തൊഴിലാളികളുടെ കൂലികുടിശ്ശിക</u>

1328 ശ്രീ. കെ.വി. വിജയദാസ്
,, കെ. കുഞ്ഞിരാമൻ(ഉദുമ)
,, എസ്. രാജേന്ദ്രൻ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് 2013-14 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട കൂലി കുടിശ്ശിക; എത്രയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തുക കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) കൂലി നൽകാൻ കഴിയാതെ വന്നപ്പോൾ മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി കൂലി നൽകാൻ ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) അപ്രകാരം പഞ്ചായത്തുകൾ വകമാറ്റി നൽകിയ തുകയുടെ ജില്ലതിരിച്ചുള്ള കണക്കുകൾ നൽകുമോ;

(ഇ) പഞ്ചായത്തുകൾ നൽകിയ തുക തിരികെ നൽകുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1329 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പണിയെടുത്ത വനിതാ തൊഴിലാളികൾക്കുള്ള വേതനം ഏത് കാലയളവുവരെ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള തൊഴിൽദിനങ്ങൾ</u>

1330 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം 2013-14 വർഷത്തിൽ ഓരോ ജില്ലയിലും എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; വിശദാംശം നൽകാമോ;

(ബി) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതന കുടിശ്ശിക വിതരണം ചെയ്യാനുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ നല്കാമോ;

(സി) തൊഴിലുറപ്പിലെ ഓരോ തൊഴിലാളിയ്ക്കും പ്രതിമാസം പതിനായിരം രൂപയെങ്കിലും ലഭിയ്ക്കുന്നു എന്നുറപ്പ് വരുത്തുന്ന രീതിയിൽ തൊഴിൽദിനങ്ങൾ ക്രമീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയെ സ്തംഭനാവസ്ഥയിലാക്കുന്ന സർക്കാർ ഉത്തരവുകൾ</u>

1331 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ ചില ഉത്തരവുകൾ പ്രസ്തുത പദ്ധതിയെ സ്തംഭനാവസ്ഥയിലാക്കിയത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ടിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തൊഴിലുറപ്പു പദ്ധതിയിൽ പങ്കാളികളായ തൊഴിലാളികൾക്ക് നൽകേണ്ടുന്ന എന്തു തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാർ ഇതിനകം എന്തു തുക ലഭ്യമാക്കിയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് ക്ഷേമ പെൻഷൻ

1332 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായി ക്ഷേമപെൻഷൻ പദ്ധതി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ പെൻഷൻ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) മുഴുവൻ തൊഴിലാളികൾക്കും ക്ഷേമപെൻഷൻ പദ്ധതിയുടെ പരിരക്ഷ ഉറപ്പുവരുത്തുവാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്;

(സി) ഇതിലേക്കായി എത്ര തുക വകയിരിത്തിയിട്ടുണ്ട് എന്നും കേന്ദ്ര സർക്കാർ പ്രസ്തുത ക്ഷേമപദ്ധതിക്കായി തുക എന്തെങ്കിലും അനുവദിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് തൊഴിലാളികളുടെ വേതന കുടിശ്ശിക</u>

1333 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകേണ്ട വേതന കുടിശ്ശികയിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് നിയമപ്രകാരമുള്ള പിഴ പലിശ നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതി കുടിശ്ശിക വിതരണം</u>

1334 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ തുക കേന്ദ്രസർക്കാരിൽ നിന്ന് ഏത് കാലയളവു വരെ ലഭിച്ചിട്ടുണ്ട്;

(ബി) കേരള സർക്കാർ തൊഴിലുറപ്പ് പദ്ധതിയുടെ ഏത് കാലയളവുവരെയുള്ള തുക തീർപ്പാക്കിയിട്ടുണ്ട്;

(സി) നിലവിലുള്ള കുടിശ്ശിക തീർപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) തൊഴിലുറപ്പ് പദ്ധതി കുടിശ്ശിക തുക തീർപ്പുകൽപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ഇന്ദിരാ ആവാസ് യോജനാ പദ്ധതി</u>

1335 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനാ പദ്ധതി പ്രകാരം 2011-12, 2012-13. 2013-14 സാമ്പത്തിക വർഷങ്ങളിലെ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇന്ദിര ആവാസ് യോജനാപദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ;

(സി) ഇന്ദിരാ ആവാസ് യോജനാ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് വിവിധ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇന്ദിരാ ആവാസ് യോജനാ പദ്ധതിക്ക് 2011-2012, 2012-13, 2013-14 വർഷങ്ങളിൽ ഓരോ വിഭാഗത്തിനും നൽകേണ്ട ആകെ ധനസഹായം എത്രയായിരുന്നുവെന്നും ഇതിൽ എത്ര തുക നൽകിയിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇന്ദിരാ ആവാസ് യോജനാ പദ്ധതി പ്രകാരമുള്ള സർക്കാർ വിഹിതം എപ്പോൾ നൽകുമെന്ന് വിശദമാക്കുമോ;

(എഫ്) സ്വന്തമായി ഒരു വീട് നിർമ്മിക്കണമെന്ന ആഗ്രഹത്താൽ കഴിയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി വീടുനിർമ്മാണം പൂർത്തീകരിക്കുവാൻ കൈക്കൊള്ളുന്ന നടപടികളെക്കുറിച്ച് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ഗുണഭോക്താക്കൾ</u>

1336 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ 2011-12 വർഷത്തിൽ ഓരോ ജില്ലയിലും എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) 2011-12-ൽ ഗുണഭോക്താക്കൾക്ക് അധികവിഹിതം നൽകുമെന്നുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നോയെന്നു വ്യക്തമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവു പ്രകാരം അധിക വിഹിതം നൽകുകയുണ്ടായോ ;

(ഡി) പ്രസ്തുത ഉത്തരവു പ്രകാരം അധിക വിഹിതം നൽകാത്തതിനാലും അധിക വിഹിതം നൽകുന്ന ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാത്തതിനാലും 2011-12-ലെ ഗുണഭോക്താക്കളുടെ വീടുനിർമ്മാണം ഇപ്പോഴും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ 2011-12-ലെ ആവാസ് യോജന ഗുണഭോക്താക്കളുടെ വർദ്ധിപ്പിച്ച ധനസഹായം എപ്പോൾ ലഭ്യമാക്കുമെന്നും ഇതിന് എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>നിട്ടൂർ - മലയാടപ്പൊയിൽ റോഡ്</u>

1337 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം അനുമതി ലഭിച്ച് ടെണ്ടർ നടത്തിയ നിട്ടൂർ - മലയാടപ്പൊയിൽ റോഡ് പണി പൂർത്തീകരിക്കാതിരുന്ന കരാറുകാരന്റെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് ഗ്രാമ വികസന വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>നെന്മാറ മണ്ഡലത്തിലെ പുതുതായി അനുവദിച്ച</u>
<u>പി.എം.ജി.എസ്.വൈ. റോഡുകൾ</u>

1338 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നെന്മാറ മണ്ഡലത്തിൽ പുതുതായി അനുവദിച്ച റോഡുകളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റോഡുകൾക്ക് അനുവദിച്ച തുകയുടെയും റോഡുകളുടെ പണി എന്ന് മുതൽ ആരംഭിക്കുമെന്നുതിന്റെയും വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>വാമനപുരം മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. റോഡുകൾ</u>

1339 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കുകയും പണി ആരംഭിക്കുകയും പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്ത ഏതെല്ലാം റോഡുകളുണ്ടെന്ന് അറിയിക്കുമോ;

(ബി) എന്തു കാരണങ്ങളാലാണ് പണി ആരംഭിക്കാതിരിക്കുകയും പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്യേണ്ടി വന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ പണി പുന:രാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലുൾപ്പെട്ട</u>
<u>പി.എം.ജി.എസ്.വൈ. റോഡുകൾ</u>

1340 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം നവീകരിക്കുവാനുള്ള റോഡ് പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡ് നവീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലുൾപ്പെട്ട ഏതെല്ലാം റോഡുകളാണ് 2013 മാർച്ചിന് ശേഷം ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ പി. എം. ജി. എസ്.വൈ. പദ്ധതി</u>

1341 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പദ്ധതി കേന്ദ്ര സർക്കാർ പുതുക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

(ബി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം റോഡുകളാണ് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ റോഡുകൾ</u>

1342 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ റോഡുകൾ ഏതെല്ലാമാണെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും ഉള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് നൽകുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പി.എം.ജി.എസ്.വൈ. പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലും സമയബന്ധിതമായി പൂർത്തിയാക്കുന്നതിലുമുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

1343 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി. എം. ജി. എസ്. വൈ. പദ്ധതിപ്രകാരം വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; ഇവയുടെ പട്ടിക നൽകുമോ;

(ബി) ഇവയുടെ പണികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പി. എം. ജി. എസ്. വൈ. പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് വാമനപുരം നിയോജകമണ്ഡലത്തിൽനിന്നും ഏതെല്ലാം റോഡുകളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ നടപ്പാക്കുന്ന</u>
<u>പി.എം.ജി.എസ്.വൈ പദ്ധതി പ്രവർത്തനങ്ങൾ</u>

1344 ശ്രീ. എം.വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതിയുടെ ഏഴാം ഘട്ടത്തിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ ബ്ലോക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ എന്തെല്ലാം പ്രവർത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് നൽകുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

നബാർഡ് ആർ.ഐ.ഡി.എഫ് - ൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ

1345 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നബാർഡിലേയ്ക്ക് ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തുന്നതിന് പ്രോജക്ട് സമർപ്പിക്കുന്നതിന്റെ നടപടിക്രമം എന്താണ്;

(ബി) നബാർഡ് ധനസഹായത്തോടെ ആർ.ഐ.ഡി.എഫ് 19 ട്രായിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എത്ര പ്രോജക്ടുകൾ അംഗീകാരത്തിനു വേണ്ടി ലഭിച്ചിട്ടുണ്ട്; പ്രസ്തുത പ്രോജക്ടുകളിൽ എത്ര എണ്ണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്;

(സി) ആർ.ഐ.ഡി.എഫ് - ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ</u>

1346 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നബാർഡിന്റെ വിവിധ ആർ.ഐ.ഡി.എഫ്. സ്കീമുകളിൽപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഈ പ്രവൃത്തികളുടെ പുരോഗതി എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമുകളിൽപ്പെടുത്തി കോഴിക്കോട് ജില്ലയിൽ പുതുതായി നടപ്പാക്കാനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും പദ്ധതികളിൽ ഏതിനെല്ലാം അംഗീകാരം ലഭിച്ചുവെന്നും വിശദമാക്കുമോ;

(സി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമുകളിൽ പ്രവൃത്തികൾക്ക് പ്രയോറിറ്റി ലഭിക്കുന്നതിനും അംഗീകാരം / ഭരണാനുമതി ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>നബാർഡ് ധനസഹായത്തോടെയുള്ള റോഡ് നിർമ്മാണ പദ്ധതി</u>

1347 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 19 ൽ ഉൾപ്പെടുത്തി നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള റോഡ് നിർമ്മാണ പദ്ധതികളുടെ എത്ര പ്രോജക്ട് പ്രൊപ്പോസലുകളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാന സർക്കാരിന് ലഭിച്ചതെന്നും ഇതിൽ എത്ര പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി നൽകിയ പ്രൊപ്പോസലുകളുടെ ജില്ല തിരിച്ചും നിയോജക മണ്ഡലം തിരിച്ചുമുള്ള കണക്കുകൾ നൽകുമോ;

(സി) ഭരണാനുമതി നൽകിയ പ്രൊപ്പോസലുകളുടെ ഓരോന്നിന്റെയും അടങ്കൽ തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ആകെ സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളിൽ നിന്നും ഭരണാനുമതി നൽകിയ പ്രൊപ്പോസലുകൾ അംഗീകരിച്ചത് ഏതു മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ഐ.എ.വൈ. വീടുകൾക്കുള്ള ധനസഹായം

1348 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.വൈ. വീടുകൾക്ക് എത്ര രൂപ വീതമാണ് ആകെ ധനസഹായമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കേന്ദ്ര വിഹിതം ഒഴിച്ചുള്ള തുക ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നാണോ നൽകുന്നതെന്നും എങ്കിൽ എത്ര വീതമാണ് ത്രിതല പഞ്ചായത്തുകൾ ഒരു വീടിന് നൽകുന്നതെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ നേരിട്ട് പ്രസ്തുത പദ്ധതിയിലേയ്ക്ക് ഫണ്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഒരു വീടിന് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) 2013-14 സാമ്പത്തിക വർഷത്തിൽ എത്ര ഐ.എ.വൈ. വീടുകളാണ് കേരളത്തിൽ അനുവദിച്ചതെന്നും അതിൽ എത്ര എണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

സാമൂഹിക - സാമ്പത്തിക ജാതി സെൻസസ്

T1349 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹിക - സാമ്പത്തിക ജാതി സെൻസസിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) കരട് പട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള അവസരം പൊതുജനങ്ങൾക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) സെൻസസിന്റെ വിശദാംശങ്ങൾ എല്ലാ വില്ലേജുകളിലും പഞ്ചായത്തുകളിലും പൊതുജനങ്ങൾക്ക് പരിശോധിക്കുവാനുള്ള അവസരം ഉറപ്പുവരുത്തുമോ;

(ഡി) ഈ സെൻസസിന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി ചാലക്കുടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>

1350 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി ചാലക്കുടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും, അവ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ മേച്ചിറ മെയിൻ കനാൽ ബണ്ട് റോഡിന്റെ നിർമ്മാണത്തിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>നെന്മാറ മണ്ഡലത്തിൽ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി നടപ്പിലാക്കുന്ന പദ്ധതികൾ</u>

1351 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയമസഭ മണ്ഡലത്തിൽ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച പുരോഗതി വിശദമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇനി എത്രയെണ്ണം പൂർത്തീകരിക്കാനുണ്ട്; പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

മട്ടന്നൂർ മണ്ഡലത്തിലെ പഞ്ചായത്തുകളെ ഹിൽ ഏര്യാ ഡെവലപ്മെന്റ് ഏജൻസിയിൽ ഉൾപ്പെടുത്താൻ നടപടി

1352 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏര്യാ ഡെവലപ്പ്മെന്റ് ഏജൻസിയിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളെയും ഹിൽ ഏര്യാ ഡെവലപ്പ്മെന്റ് ഏജൻസിയിൽ ഉൾപ്പെടുത്തുമെന്ന് നിയമസഭയിൽ നൽകിയ ഉറപ്പിനെത്തുടർന്ന് പ്രസ്തുത പഞ്ചായത്തുകൾ ഹിൽ ഏര്യാ ഡെവലപ്പ്മെന്റ് ഏജൻസിയിൽ ഉൾപ്പെടുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളെ ഹിൽ ഏര്യാ ഡെവലപ്പ്മെന്റ് ഏജൻസിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് നൽകുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

മങ്കട പുഴക്കാട്ടിരി ഐ.ടി.ഐ.ക്ക് ഭൂമി

1353 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ മക്കരപ്പറമ്പ് പഞ്ചായത്തിലെ കാപ്പിനിക്കാടിലുള്ള ഭൂമി, പുഴക്കാട്ടിരി ഐ.ടി.ഐ.ക്ക് വിട്ട് നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തം കെട്ടിടം</u>

1354 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പുതുതായി നിലവിൽ വന്ന കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അർഹരായവരെ ഉൾപ്പെടുത്തി ബി.പി.എൽ പട്ടിക</u>

1355 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ പട്ടിക നിലവിലുണ്ടെങ്കിൽ അത് എന്ന് നിലവിൽ വന്നതാണ്;

(ബി) പ്രസ്തുത പട്ടികയിൽ അനർഹർ കടന്നുകൂടിയെന്നും അർഹർ ഒഴിവാക്കപ്പെട്ടുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആക്ഷേപം ഒഴിവാക്കി അർഹരുടെ പട്ടികയായി മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പുതുതായി ബി.പി.എൽ പട്ടിക തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡി ഉപയോഗപ്പെടുത്താത്തത് സംബന്ധിച്ച്</u>

1356 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ. കുടുംബത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡി അനുവദിക്കാനുള്ള പദ്ധതി വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പലിശ സബ്സിഡി നൽകാത്തതിനാൽ ബാങ്കുകൾ വായ്പാ റിക്കവറി നടപടികൾ തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓരോ ജില്ലയിലും എത്ര പേർക്ക്, ആകെ എത്ര തുകയാണ് 2013-14 വർഷത്തിൽ പലിശ സബ്സിഡിയായി സർക്കാരിൽ നിന്നും ജില്ലാകളക്ടർമാർ വാങ്ങി ബാങ്കുകൾക്ക് കൈമാറിയിട്ടുള്ളത് ;

(ഡി) യഥാസമയത്ത് പലിശ സബ്സിഡി കളക്ടറേറ്റുകളിൽ നിന്നും കൈമാറാൻ സാധിക്കാത്തതിനാൽ ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടുകൾ എൻ. പി. എ. ആയതായി കണ്ടെത്തിയിട്ടുണ്ടോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>വിദ്യാഭ്യാസ വായ്പ</u>

1357 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാങ്കുകൾ വഴി എത്ര രൂപയാണ് പരമാവധി വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത്; പ്രസ്തുത വായ്പകൾക്ക് എത്ര ശതമാനമാണ് പലിശ ഈടാക്കുന്നത്;

(ബി) പല ബാങ്കുകളും വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ പല തടസ്സങ്ങളും ഉന്നയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>പലിശരഹിത വിദ്യാഭ്യാസ വായ്പ</u>

T1358 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ പലിശരഹിതമായി നൽകുന്നതിന് നപടി സ്വീകരിക്കുമോ;

(ബി) ഇതിലേയ്ക്കായി സമഗ്രമായ പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പക്കുള്ള പലിശയിളവ്

1359 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2004-2009 കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്തവർക്കുള്ള പലിശയിളവ് നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്തവർ എത്രയാണെന്നും പലിശയിളവ് ലഭിക്കുവാൻ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ജില്ലതിരിച്ച് പറയാമോ;

(സി) ഈ അപേക്ഷകളിൽ എത്രപേർക്ക് പലിശയിളവ് അനുവദിച്ചിട്ടുണ്ടെന്നും അതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പറയാമോ;

(ഡി) ഈ ആവശ്യത്തിനുവേണ്ടി അപേക്ഷിച്ചവർക്കെല്ലാം പലിശയിളവ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഇ) പലിശയിളവിനുവേണ്ടി ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പുകൽപ്പിക്കാനുണ്ടെന്ന് പറയാമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പയ്ക്ക് മോറട്ടോറിയം</u>

T1360 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര വിദ്യാർത്ഥികൾ വിദ്യാഭ്യാസ വായ്പയെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2009 മാർച്ച് 31 വരെ എടുത്ത വിദ്യാഭ്യാസ വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ച കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പ്രകാരം എത്ര കുട്ടികളുടെ വായ്പാതുക, പലിശ, പിഴപലിശ എന്നീ ഇനത്തിൽ എഴുതിതള്ളിയെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ നേരിട്ട് എത്ര കുട്ടികളുടെ വിദ്യാഭ്യാസ വായ്പയ്ക്ക് മോറട്ടോറിയം നൽകിയെന്നും; എന്തു തുക എഴുതിതള്ളിയെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തൽ</u>

1361 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പദ്ധതി നിർവ്വഹണത്തിലെ പുരോഗതി വിലയിരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പെർഫോർമൻസ് മാനേജ്മെന്റ് ഡിവിഷന്റെ സഹകരണം തേടാറുണ്ടോ;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാനം അശാസ്ത്രീയമായി പദ്ധതികൾ നിർവ്വഹിക്കുന്നത് എത്രത്തോളം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

വാർഷിക പദ്ധതിയിലെ മുൻഗണനകൾ

1362 ശ്രീ. പി. എ. മാധവൻ
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ മേഖലകൾക്കാണ് വാർഷിക പദ്ധതിയിൽ മുൻതൂക്കം നൽകിയിരിക്കുന്നത്;

(സി) കഴിഞ്ഞ സാമ്പത്തികവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവാണ് വാർഷിക പദ്ധതിയിൽ വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) വാർഷിക പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുള്ള മേഖലകളിൽ എത്ര ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം</u>

1363 ശ്രീ. ജോസഫ് വാഴക്കൻ
,, പി. സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) വികസന പദ്ധതികളുടെ പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ സംവിധാനം ഒരുക്കാനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പിലെ ഡ്രൈവർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

1364 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ ഡ്രൈവർമാരുടെ 31.03.2010 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കരട് ഏത് തീയതിയിലാണ് പ്രസിദ്ധീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പാഡ് -കെ/സെറിഫെഡ്/ഡി.ആർ.ഡി.എ. വകുപ്പുകൾ ഗ്രാമവികസന വകുപ്പിൽ ലികിിഡേറ്റ് ചെയ്തപ്പോൾ ലയിപ്പിച്ച ഡ്രൈവർമാരുടെ സീനിയോറിറ്റി എന്നു മുതലാണ് കണക്കാക്കിയിട്ടുള്ളതെന്നും ഇതു സംബന്ധിച്ച പരാതികൾ പരിഹരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) അന്തിമ ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുവാനാകും എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പൊതു-സ്വകാര്യ പങ്കാളിത്ത നയം</u>

T1365 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയിരിക്കുന്ന (പി.പി.പി) പൊതു-സ്വകാര്യ പങ്കാളിത്ത നയത്തിന്റെ കരട് ലഭ്യമാക്കാമോ;

(ബി) ഈ നയം അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് പി.പി.പി. മോഡലിൽ നിർവ്വഹിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കേന്ദ്രസർക്കാരിന്റെ പ്ലാൻഫണ്ട് വിഹിതം</u>

1366 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്ലാനിംഗ് ബോർഡിന്റെ കണക്കുകൾ പ്രകാരം 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ വിവിധ വകുപ്പുകൾക്കായി കേന്ദ്ര സർക്കാരിന്റെ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര തുക വീതം അനുവദിച്ചുവെന്നും എത്ര തുക വീതം ചെലവഴിച്ചുവെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലെ പദ്ധതി അടങ്കൽ</u>

1367 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്രയാണെന്നും ആയതിൽ കേന്ദ്ര ആസൂത്രണ കമ്മീഷൻ അനുമതി നൽകിയ അടങ്കൽ തുക ഓരോ സാമ്പത്തിക വർഷവും എത്ര വീതമാണെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ആസൂത്രണ കമ്മീഷൻ അനുമതി നൽകിയ 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ അടങ്കൽ തുകയിൽ ഓരോ വർഷവും ചെലവഴിച്ച തുകയും ഓരോ വർഷവും ലാപ്സാക്കിയ തുകയും എത്രയെന്ന് വിശദമാക്കുമോ;

(സി) 2014-15 നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര ആസൂത്രണ കമ്മീഷൻ സംസ്ഥാനത്തിന് എത്ര തുകയുടെ പദ്ധതി അടങ്കലിന് അനുമതി നൽകിയെന്നും സംസ്ഥാനം ആവശ്യപ്പെട്ടത് എത്ര തുകയുടെ പദ്ധതി അടങ്കലിനാണെന്നും വിശദമാക്കുമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിൽ മാലിന്യസംസ്കരണം, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി തുടങ്ങിയവയ്ക്ക് എത്ര തുക വീതം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ എത്ര ശതമാനം ചെലവഴിക്കപ്പെട്ടുവെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

100 ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

1368 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 ൽ ലഭ്യമായ 100 ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമായി എന്ത് തുകയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഇവ ഓരോന്നിലും അനുവദിക്കപ്പെട്ട തുകയിൽ എത്ര തുക ചെലവഴിക്കപ്പെട്ടു എന്നറിയിക്കാമോ;

(ഡി) ആകെ അനുവദിച്ച തുകയിൽ എത്ര ശതമാനം ചെലവഴിച്ചുവെന്നറിയിക്കാമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

T1369 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിന് ലഭിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ ലഭിച്ച തുക, എക്സ്പെന്റിച്ചർ, പദ്ധതികളുടെ പൂർണ്ണ വിവരങ്ങൾ എന്നിവ നൽകുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ബജറ്റ് വിഹിതത്തിൽ നിന്നും വിവിധ വകുപ്പുകൾ ചെലവഴിച്ച തുക

1370 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2013-2014) ബജറ്റ് വിഹിതത്തിൽ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ വിനിയോഗിച്ച തുക എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തു വിട്ട കണക്കു പ്രകാരം ബജറ്റ് വിഹിതം എത്ര കോടി രൂപയായിരുന്നുവെന്നും ആയതിൽ എത്ര കോടി രൂപ വിവിധ വകുപ്പുകൾ ചെലവഴിച്ചുവെന്നും വകുപ്പു തിരിച്ച് വ്യക്തമാക്കുമോ ;

(സി) വിഴിഞ്ഞം, മെട്രോ, മോണോ റയിൽ തുടങ്ങിയ ഫ്ളാഗ് ഷിപ്പ് പദ്ധതികൾക്കായി മാറ്റി വച്ച തുക എത്ര കോടിയാണെന്നും ആയതിൽ എത്ര തുക ഇതിലേയ്ക്കായി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

2014-2015 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ്

1371 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള പദ്ധതി ചെലവിന്റെ വകുപ്പടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം വീതം ഇതിനകം ചെലവഴിക്കപ്പെട്ടു;

(സി) പദ്ധതി തുകയിൽ ഇതേവരെ ഒന്നും ചെലവഴിച്ചിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെയാണ്; ഇതിനകം 25% തുക ചെലവഴിച്ച വകുപ്പുകൾ ഏതൊക്കെ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

പദ്ധതികൾക്ക് വകയിരുത്തുന്ന തുക

1372 ശ്രീ. മാത്യു ടി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി എന്തു തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) ബജറ്റ് വിഹിതത്തിന് പുറമെ കേന്ദ്ര വിഹിതമായി എന്ത് തുകയാണ് പ്രതീക്ഷിച്ചിരുന്നത്;

(സി) ഇവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്ക് വകയിരുത്തിയിരുന്ന തുകയിൽ എന്തെങ്കിലും കുറവുകൾ പിന്നീട് വരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും അപ്രകാരം കുറവ് വരുത്തിയതിനുള്ള കാരണങ്ങളും വിശദമാക്കാമോ;

(എഫ്) പദ്ധതിച്ചെലവിൽ എത്ര ശതമാനം ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞു?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>50 ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1373 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013-14-ൽ നടപ്പിലാക്കിയ അമ്പതുശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഓരോ പദ്ധതിക്കും എന്ത് തുക അനുവദിക്കപ്പെട്ടുവെന്നറിയിക്കാമോ;

(സി) അനുവദിക്കപ്പെട്ട തുകയിൽ എത്ര തുക ചെലവഴിച്ചുവെന്നറിയിക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

2013-2014 വര്‍ഷത്തെ പദ്ധതി ചെലവ് അവലോകനം

1374 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-2014 വര്‍ഷത്തെ പദ്ധതി ചെലവ് അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കില്‍ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) 50 ശതമാനവും അതില്‍ കുറവും മാത്രം ചെലവഴിച്ച വകുപ്പുകള്‍ ഏതെല്ലാം ; ഈ വകുപ്പുകള്‍ ഏതേത് മന്ത്രാലയത്തിന്റെ/മന്ത്രിയുടെ കീഴിലാണ് എന്നത് വ്യക്തമാക്കാമോ ;

(സി) 2013-2014 സാമ്പത്തിക വര്‍ഷത്തില്‍ 31.03.2014 വരെ വിവിധ മന്ത്രാലയങ്ങള്‍ വിവിധ വകുപ്പുകളിലായി ചെലവഴിച്ച തുക, ശതമാനം എന്നിവ വ്യക്തമാക്കാമോ ;

(ഡി) 2013-2014 സാമ്പത്തിക വര്‍ഷം കേന്ദ്രാവിഷ്കൃത പദ്ധതികള്‍ക്കായി കേന്ദ്ര സര്‍ക്കാര്‍ അനുവദിച്ച തുക എത്രയെന്നും മാര്‍ച്ച് 31 വരെ എത്ര തുക ചെലവഴിച്ചുവെന്നും വകുപ്പ് തിരിച്ച് വിശദമായി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ഗുണനിലവാരമില്ലാത്ത അന്യസംസ്ഥാന പാലുകൾ</u>

1375 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തു നിന്നും കേരളത്തിൽ വിതരണം ചെയ്യുന്നതിന് ഏതെല്ലാം 'ട്രേഡ് നെയിം' ഉള്ള കവർ പാലുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ബി) കേരളത്തിൽ വിതരണം ചെയ്യുന്ന അന്യസംസ്ഥാന പാലുകളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) നിലവാരമില്ലാത്ത പാലുകൾ സംസ്ഥാനത്തേയ്ക്ക് എത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ പേരുവിവരം വ്യക്തമാക്കുമോ;

(ഡി) ഗുണനിലവാരമില്ലാത്തതും മായം ചേർന്നതുമായ പാലുകൾ വിതരണം ചെയ്യുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പാലിന്റെ ഗുണനിലവാരം പരിശോധന</u>

1376 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) പരിശോധനാ സംവിധാനത്തിന്റെ അഭാവം മുതലെടുത്ത് നിലവാരമില്ലാത്ത പാലും പാലുൽപ്പന്നങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നുകൊണ്ടുവന്ന് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പാലും പാലുൽപ്പന്നങ്ങളും കൊണ്ടുവരുന്നതിന് ഏജൻസികൾക്ക് ലൈസൻസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>പാൽ ഉല്പന്നങ്ങൾക്ക് ഗുണനിലവാര സർട്ടിഫിക്കറ്റ്</u>

1377 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലിൽ നിന്നും എന്തെല്ലാം ഉല്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ആഗോള കമ്പോളത്തിൽ വിപണനം ചെയ്യുന്നതിനാവശ്യമായ "സ്വയാർജ്ജിത ഗുണനിലവാര സർട്ടിഫിക്കറ്റ്" എത്ര ഉല്പന്നങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) എങ്കിൽ ഇത്തരം സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ക്ഷീരസഹകരണ സംഘങ്ങൾക്കും കർഷകർക്കും പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ</u>

1378 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരസഹകരണ സംഘങ്ങൾക്കും, കർഷകർക്കും പ്രഖ്യാപിച്ചിട്ടുള്ളതായ പദ്ധതികൾ എന്തെല്ലാമെന്നതിന്റെ വിശദാംശം നൽകുമോ;

(ബി) ക്ഷീരകർഷകർക്കായി ഏതെല്ലാം വായ്പാപദ്ധതി ലഭ്യമാക്കുന്നുണ്ടെന്നറിയിക്കുമോ;

(സി) പ്രസ്തുത വായ്പകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) ക്ഷീര കർഷകരെ ശാക്തീകരിക്കുന്നതിനുവേണ്ടി പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>മിൽമ പാലിന്റെ വില വർദ്ധനവ്</u>

T1379 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ എത്ര തവണ മിൽമ പാലിന് വിലവർദ്ധനവ് നടത്തിയിട്ടുണ്ട്;

(ബി) ഓരോ തവണയും എത്ര രൂപവച്ചാണ് വില വർദ്ധിപ്പിച്ചത്;

(സി) കർഷകർക്ക് ഇപ്പോൾ ഒരു ലിറ്റർ പാലിന് എത്ര രൂപയാണ് നൽകുന്നത് ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ കേന്ദ്രം</u>

1380 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം കുടുംബശ്രീ മിഷന് കൈമാറുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(സി) ഇവിടെ വേനൽക്കാല പച്ചക്കറി കൃഷി ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിനായി സംഭരണ കേന്ദ്രം അനുവദിക്കുന്നകാര്യം പരിഗണിക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

'സാംസ്കാരിക പൈതൃക സംരക്ഷണം

1381 ശ്രീ. എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് സാംസ്കാരിക തനിമകൾ സംരക്ഷിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ബി) സാംസ്കാരിക സംഘടനകൾക്കും കലാ-സാംസ്കാരിക പ്രവർത്തകർക്കും നിലവിൽ എപ്രകാരമാണ് ഗ്രാന്റു നൽകുന്നത്;

(സി) സാംസ്കാരിക പൈതൃക സംരക്ഷണത്തിനായി ഒരു അതോറിറ്റി രൂപീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>സാംസ്കാരിക രംഗത്തെ ഉണർവിനായി മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ</u>

1382 ശ്രീ. ലൂഡി ലൂയിസ്
,, റ്റി. എൻ പ്രതാപൻ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി സാംസ്കാരിക രംഗത്ത് പുത്തൻ ഉണർവിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ചരിത്രശേഷിപ്പുകളുടെ സംരക്ഷണം</u>

1383 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ചരിത്രശേഷിപ്പുകള്‍ ഏറ്റെടുത്ത് ഭാവി തലമുറയ്ക്കുവേണ്ടി സംരക്ഷിക്കുന്ന കാര്യത്തിലെ നയമെന്താണെന്ന് വിശദമാക്കുമോ;

(ബി) ഇവയെക്കുറിച്ച് ആര്‍ക്കിയോളജി വകുപ്പ് വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തില്‍ എന്തൊക്കെ പ്രവര്‍ത്തനങ്ങളാണ് വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നത്; 2013 – 14 ല്‍ ഇതിനായി എന്തു തുക നീക്കിവച്ചു; എന്തു തുക ചെലവായി?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1384 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം എന്തെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഈ പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചിട്ടുണ്ട് ; ഇതിൽ എത്ര രൂപ ചെലവഴിച്ചു ;

(സി) ഏതെല്ലാം പദ്ധതികൾ ആരംഭിച്ചു ; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാനുണ്ട് ;

(ഡി) ഇതിൽ 100 ശതമാനവും കേന്ദ്ര സഹായമുള്ള പദ്ധതികൾ ഏതെല്ലാമാണ് ;

(ഇ) സംസ്ഥാന വിഹിതം കൂടി ഉൾപ്പെടുന്ന പദ്ധതികൾ ഏതെല്ലാം ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

മാനവീയം വീഥി സാംസ്കാരിക കോറിഡോർ

1385 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനസവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ വെള്ളയമ്പലത്തുള്ള മാനവീയം വീഥി സാംസ്കാരിക കോറിഡോർ ആയി പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച മേൽനടപടികൾ വിശദീകരിക്കുമോ;

(ബി) മാനവീയം വീഥിയിലെ കാർപാർക്കിംഗ് അവസാനിപ്പിച്ച് സാംസ്കാരിക പരിപാടികൾക്ക് തുറന്നുകൊടുക്കുമോ;

(സി) ഞായറാഴ്ചകളിലെ സായാഹ്നങ്ങളിലെങ്കിലും 4 മണി മുതൽ 9 മണിവരെ വാഹന ഗതാഗതം ഒഴിവാക്കി മാനവീയം വീഥിയിൽ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുവാൻ സൗകര്യമൊരുക്കുമോ; ഇക്കാര്യത്തിൽ യോഗം വിളിച്ചു ചേർക്കുവാൻ മുൻകൈ എടുക്കുമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പൈതൃകസ്വത്തുക്കൾ സംരക്ഷിക്കുവാൻ നടപടി</u>

1386 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൈതൃകസ്വത്തുക്കൾ അന്യംനിന്നുപോകാതെ സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരത്തെ ആദ്യകാല വാനനിരീക്ഷണ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന കെട്ടിടം, അവശേഷിച്ചിട്ടുള്ള വഴിയമ്പലങ്ങൾ, ചരിത്രശേഷിപ്പുകൾ എന്നിവ ഏറ്റെടുക്കണമെന്നും, സംരക്ഷിക്കണമെന്നുമുള്ള ആവശ്യത്തിന്മേൽ ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ;

(സി) ഇവ നശിപ്പിക്കുവാൻ തല്പരകക്ഷികൾ ശ്രമം ആരംഭിച്ചിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് അടിയന്തര നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കുറ്റ്യാടിയിലെ പഴയ സബ്ബ് രജിസ്ട്രാർ കെട്ടിടം സംരക്ഷിത സ്മാരകമാക്കാൻ</u>

1387 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത സ്മാരകമായി മാറ്റുന്നതിന് പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുള്ള കുറ്റ്യാടിയിലെ പഴയ സബ്ബ് രജിസ്ട്രാർ കെട്ടിടം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പഴശ്ശി ചരിത്രവുമായി ബന്ധപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ കെട്ടിടം ചരിത്ര വിദ്യാർത്ഥികൾക്കും വിനോദ സഞ്ചാരികൾക്കും ഉപകാര പ്രദമായ രൂപത്തിൽ സംരക്ഷിക്കുന്നതിന് സമഗ്രമായ ഒരു പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) ഇവ തയ്യാറാക്കുമ്പോൾ സംസ്ഥാനത്തെ പ്രശസ്തരായ വാസ്തു ശില്പികളുടെ സഹകരണം കുടി തേടുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ നവീകരണം</u>

1388 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ നവീകരണത്തിനായി കലാമണ്ഡലത്തെ ചുമതലപ്പെടുത്തിയ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) നവീകരണം പൂർത്തീകരിച്ച് മ്യൂസിയം പൂർണമായും പ്രവർത്തന സജ്ജമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ പുരാവസ്തു സംരക്ഷണം</u>

1389 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം തങ്കശ്ശേരി വാണിജ്യതുറമുഖത്തിൽ നടന്ന ഡ്രഡ്ജിങ്ങിനിടെ കടലിൽ നിന്നും ലഭിച്ച പുരാതനവസ്തുവിന്റെ സംരക്ഷണം സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) പുരാവസ്തുക്കൾ കൊല്ലത്ത് തന്നെ സൂക്ഷിക്കുന്നതിനും പൊതുജനങ്ങൾക്ക് കാണാനും പഠിക്കുന്നതിനും അവസരം ഒരുക്കുന്നതിന് ഒരു മ്യൂസിയം സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) കൊല്ലത്ത് ലഭിച്ച പുരാതനവസ്തുക്കളുടെ അടിസ്ഥാനത്തിൽ തുടർപരിശോധനകളും പഠനവും നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(ഡി) കൊല്ലം പ്രസ്സ് ക്ലബ്ബിന് സമീപം റെയിൽവേയുടെ കൈവശമുള്ള ചീനകൊട്ടാരം പുരാവസ്തു വകുപ്പ് ഏറ്റെടുത്തു അവിടെ പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ഗവേഷണത്തിനും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ഒരു മ്യൂസിയം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ഒരു സപ്തസ്വര കേന്ദ്രം</u>

1390 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഒരു സപ്തസ്വരകേന്ദ്രം ആരംഭിക്കണമെന്ന ആദ്യ വർഷ ബഡ്ജറ്റ് പ്രസംഗത്തിലെ വാഗ്ദാനം നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധപതിപ്പിച്ച് വാഗ്ദാനം നടപ്പാക്കാൻ ആവശ്യമായ നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ഫോക്‌ലോർ അക്കാദമി</u>

1391 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണപുരത്ത് കണ്ണപുരം പഞ്ചായത്ത് വക സ്ഥലം ഫോക്‌ലോർ അക്കാദമിക്കും ഗവൺമെന്റ് കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിനും വിട്ടു നൽകുന്നതിന് അംഗീകാരം നൽകുന്നതിന് സമർപ്പിച്ച അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്ഥലം വിട്ടുനൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>രാജാരവിവര്‍മ്മ സ്മാരക നിര്‍മ്മാണം രണ്ടാം ഘട്ടം</u>

1392 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കിളിമാനൂരില്‍ രാജാരവിവര്‍മ്മ സ്മാരക നിര്‍മ്മാണത്തിന്റെ രണ്ടാം ഘട്ടത്തില്‍ എന്തെല്ലാമാണ് ഉള്‍പ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) രണ്ടാം ഘട്ടം നിര്‍മ്മാണം ആരംഭിച്ചിട്ടുണ്ടോ; രണ്ടാം ഘട്ട നിര്‍മ്മാണം ഇപ്പോള്‍ ഏതവസ്ഥയിലാണെന്നും എന്നത്തേയക്ക് പൂര്‍ത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും
വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ജി. ദേവരാജൻ മാസ്റ്റർ സ്മാരകം

1393 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംഗീത സംവിധായകനും ആദരണീയനുമായിരുന്ന പരവൂർ ജി.ദേവരാജൻ മാസ്റ്റർക്ക് ഒരു സ്മാരകം നിർമ്മിക്കേണ്ടുന്ന ആവശ്യകത ചൂണ്ടിക്കാട്ടി സർക്കാരിലേക്ക് നിവേദനം ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത സ്മാരകം ജന്മനാടായ പരവൂരിൽ നിർമ്മിക്കുവാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

നാടകക്കളരിക്കാരുടെ ചടങ്ങുകളിൽ പ്രതിപക്ഷ എം.എൽ.എ മാരെ പങ്കെടുപ്പിച്ചിട്ടില്ലായെന്ന പരാതി

1394 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈലോപ്പിള്ളി സംസ്കൃതി ഭവൻ 2014 മെയ് 28 മുതൽ 30 വരെ സംഘടിപ്പിച്ച നാടകക്കളരിയുടെ ഉദ്ഘാടനത്തിന്റെയും സമാപനത്തിന്റെയും ചടങ്ങുകളിൽ ഒരു പ്രതിപക്ഷ എം.എൽ.എ .യെപ്പോലും പങ്കെടുപ്പിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ഗ്രന്ഥശാലകളുടെ ശാക്തീകരണം

1395 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രന്ഥശാലകളുടെ ശാക്തീകരണം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം മൂലം വായനാശീലം കുറഞ്ഞിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നുവെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

അവശകലാകരാന്മാർക്കുള്ള ആനുകൂല്യങ്ങൾ

1396 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക മേഖലകളിലും കലാരംഗത്തും നിറഞ്ഞുനിന്നവരും ഇപ്പോൾ അവശത അനുഭവിക്കുന്നരുമായ ആളുകൾക്ക് നൽകിവരുന്ന പെൻഷൻ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വീടില്ലാത്ത കാലകാരന്മാർക്കുവേണ്ടി ഭവന പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അവശ കലാകാരന്മാർക്ക് ചികിത്സാനുകൂല്യവും ഇ.എസ്.ഐ. ആനുകൂല്യവും നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>അവശകലാകാര പെൻഷന് വേണ്ട മാനദണ്ഡങ്ങൾ</u>

1397 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശകലാകാര പെൻഷന് പരിഗണിക്കപ്പെടാൻ വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്കാണ് അവശകലാകാര പെൻഷന് അർഹതയുള്ളത് എന്നു വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ വന്നതിന് ശേഷം ഏതെങ്കിലും കലാവിഭാഗങ്ങളെ പെൻഷന് പരിഗണിക്കുവാൻ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കലാകാര പെൻഷൻ</u>

1398 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കലാകാരന്മാർക്ക് പെൻഷൻ അനുവദിച്ചു എന്ന് പറയുമോ;

(ബി) കലാകാര പെൻഷനു വേണ്ടിയുള്ള എത്ര അപേക്ഷകളിന്മേൽ പെൻഷൻ അനുവദിക്കാനുണ്ടെന്നു പറയുമോ; ഈ അപേക്ഷകൾ ഏതു കാലയളവിലുള്ളതാണെന്നു പറയാമോ; എന്തു കൊണ്ടാണ് ഇവർക്ക് പെൻഷൻ അനുവദിക്കാത്തത് എന്ന് പറയാമോ;

(സി) ഈ സർക്കാറിന്റെ കാലയളവിൽ പെൻഷൻ വാങ്ങിയിരുന്ന എത്ര കലാകാരന്മാർ മരണമടഞ്ഞു എന്നു പറയാമോ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

2013 –14 വർഷത്തിൽ സർക്കാർ പരസ്യങ്ങൾക്കായി
ചെലവഴിച്ച തുക

1399 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 –14 വർഷത്തിൽ സർക്കാർ പരസ്യങ്ങൾക്കായി സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുകയാണ് ചെലവഴിച്ചത് എന്ന് വിശദമാക്കുമോ;

(ബി) സർക്കാർ പരസ്യങ്ങൾക്ക് ചെലവഴിച്ച തുകയുടെ കണക്ക് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.06.2014–ലെ മറുപടിക്ക്

<u>മാധ്യമങ്ങൾക്ക് നൽകിയ പരസ്യങ്ങൾ</u>

1400 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികനസനും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി ഒന്നിന് ശേഷം നാളിതുവരെ സർക്കാരിന് വേണ്ടി പി.ആർ.ഡി. വഴി മാധ്യമങ്ങൾക്ക് നൽകിയ പരസ്യങ്ങൾ ഏതൊക്കെയാണ്;

(ബി) ഓരോ പരസ്യത്തിനും എന്തു തുക വീതം ചെലവ് വരും;

(സി) പതിവിന് വിരുദ്ധമായി പ്രത്യേക നിരക്കിൽ ഏതെങ്കിലും ദിനപ്പത്രങ്ങൾക്ക് പരസ്യം നല്കിയിട്ടുണ്ടോ; എങ്കിൽ എന്ത് നിരക്കിൽ എത്ര ലക്ഷം രൂപയുടെ പരസ്യം എന്തെല്ലാം പത്രങ്ങൾക്ക് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രത്യേക നിരക്കിൽ ചില പത്രങ്ങൾക്ക് മാത്രമായി പരസ്യം നല്കാൻ ഉത്തരവ് നല്കിയത് ആരാണ്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുക

1401 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ 2014 മാർച്ച് 31 വരെ ഓരോ വർഷവും വിവിധ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ എന്ത് തുക നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിക്കായി പരസ്യങ്ങൾ ഉൾപ്പെടെയുള്ള പബ്ലിസിറ്റിക്കായി ചെലവായ തുക എത്ര; രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയ്ക്കായി എത്ര തുക ചെലവഴിച്ചു;

(സി) 2014 ഫെബ്രുവരി 11, മാർച്ച് 2 എന്നീ രണ്ട് ദിവസങ്ങളിൽ സർക്കാരിന്റെ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച് പരസ്യയിനത്തിൽ എത്ര തുക ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് ചെലവഴിച്ചു; ഏതൊക്കെ മാധ്യമങ്ങൾക്ക് എന്ത് തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) പി.ആർ.ഡി നിരക്ക് പ്രകാരമല്ലാതെ ചട്ടം ലംഘിച്ച് ഏതെല്ലാം ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ തുക ചെലവഴിച്ചു; വിശദമാക്കുമോ ;

(ഇ) റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് കുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുക എത്രയാണ്; വ്യക്തമാക്കുമോ;

(എഫ്) 2014-15 നടപ്പുവർഷം നാളിതുവരെ സർക്കാരിനായി പരസ്യയിനത്തിൽ ദൃശ്യ-പത്രമാധ്യമങ്ങൾക്ക് എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

പരസ്യത്തിന് ചെലവായ തുക

1402 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിന് ഓരോ സാമ്പത്തികവർഷവും പരസ്യം ഇനത്തിൽ പി. ആർ.ഡി. വഴിയും അല്ലാതെയും ചെലവായ തുക എത്ര വീതമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ പരസ്യം നല്കിയ വകയിൽ വിവിധ തരം മാധ്യമങ്ങൾക്കായി കൊടുത്ത് തീർക്കാൻ ബാക്കി നില്പുള്ള തുക മൊത്തം എത്രയാണ്;

(സി) പി. ആർ. ഡി. വഴി പ്രസിദ്ധീകരണങ്ങൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്ത ഇനത്തിൽ ഈ സർക്കാർ ഓരോ വർഷവും എന്തു തുക വീതം ചെലവഴിക്കുകയുണ്ടായി?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>സി-ഡിറ്റിലെ ജീവനക്കാരുടെ വേതന വ്യവസ്ഥ</u>

1403 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ ജീവനക്കാരുടെ കാലഹരണപ്പെട്ട വേതന വ്യവസ്ഥ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സി-ഡിറ്റിലെ കരാർ/ഡോക്കറ്റ് വിഭാഗം ജീവനക്കാർക്ക് വർഷംതോറുംനൽകിവരുന്ന 10% ശമ്പള വർദ്ധനവ് ഇക്കഴിഞ്ഞ രണ്ടുവർഷമായി കുടിശ്ശികയാണെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത കുടിശ്ശികതുക ജീവനക്കാർക്കു നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>സി-ഡിറ്റിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം</u>

1404 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ സ്ഥിരം ജീവനക്കാർക്ക് 2009-ൽ സർക്കാർ പ്രഖ്യാപിച്ച ശമ്പള പരിഷ്ക്കരണം നാളിതുവരെ നടപ്പാക്കാത്തതിന്റെ കാരണമെന്താണെന്നു വിശദമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2009-ൽ തന്നെ നടപ്പിലാക്കിയ പ്രസ്തുത ശമ്പള പരിഷ്ക്കരണം സി-ഡിറ്റ് ജീവനക്കാർക്ക് എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

സി-ഡിറ്റിൽ താല്ക്കാലിക ജീവനക്കാരെ
സ്ഥിരപ്പെടുത്തുന്നതിനുള്ള മറുപടി

1405 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സി-ഡിറ്റിന്റെ 18-ാമത് ഗവേണിംഗ് ബോഡി താല്ക്കാലിക നിയമനം ലഭിച്ച 61 ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ഇതു സംബന്ധിച്ച് സി-ഡിറ്റ് രജിസ്ട്രാർ ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടും നാളിതുവരെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്നും ആയത് എന്നത്തേയ്ക്കു നടപ്പിലാക്കുമെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

കേരളത്തിലെ പത്രമാധ്യമ പ്രവർത്തകരുടെ പെൻഷൻ

1406 ശ്രീ. എ.എം. ആരിഫ്.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പത്രമാധ്യമ പ്രവർത്തകരുടെ പെൻഷൻ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ;

(ബി) മാധ്യമ പ്രവർത്തകരുടെ പെൻഷൻ പദ്ധതിയനുസരിച്ച് പെൻഷന് അർഹതയുള്ളവർ എത്ര;

(സി) പെൻഷൻ സ്കീം വിശദമാക്കാമോ പെൻഷൻ സ്കീമിൽ സർക്കാർ കോൺട്രിബ്യൂഷൻ എത്ര; പത്രഉടമകളുടെ കോൺട്രിബ്യൂഷൻ എത്ര; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവർ എത്രയാണെന്നും പെൻഷന് അർഹതപ്പെട്ടവർ എത്രയാണെന്നും വെളിപ്പെടുത്താമോ;

(ഇ) പെൻഷന് അർഹത നിർണ്ണയിക്കുന്നത് ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്; വിശദമാക്കുമോ;

(എഫ്) അർഹതയുള്ളവരുടെ പെൻഷൻ യഥാസമയം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ശ്രീശങ്കരാചാര്യരുടെ സംസ്കൃതത്തിലെ സമ്പൂർണ്ണകൃതികൾ തർജ്ജമ ചെയ്യുന്നതിന് സഹായം</u>

1407 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. ശങ്കരാചാര്യരുടെ സംസ്കൃതത്തിലെ സമ്പൂർണ്ണ കൃതികൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നതിന് സഹായം ലഭിക്കുന്നതിനായി പ്രൊഫ. എം.ജി.എസ്. നാരായണൻ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടിയെന്തെന്ന് വിശദമാക്കാമോ;

(ബി) ഇത് അനുവദിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പ്രവാസിക്ഷേമത്തിനായി മിഷൻ 676 ൽ ഉൾപ്പെടുത്തിയ പദ്ധതികൾ</u>

1408 ശ്രീ. സണ്ണി ജോസഫ്
'' വർക്കല കഹാർ
'' ഡൊമിനിക് പ്രസന്റേഷൻ
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി പ്രവാസി ക്ഷേമത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പ്രവാസികളുടെ പുനരധിവാസത്തിന് പദ്ധതി</u>

1409 ശ്രീ. എൻ. ഷംസുദ്ദീൻ
,, റ്റി. എ. അഹമ്മദ് കബീർ
,, സി. മമ്മൂട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുമായി ബന്ധപ്പെട്ട് നടന്നവരുന്നതും പൂർത്തിയാക്കിയതുമായ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ ;

(സി) ഈ പ്രവർത്തനങ്ങൾക്കായി ഈ വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ട് ; കൂടുതൽ തുക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ഗൾഫിൽ നിന്നു മടങ്ങിയ പ്രവാസികൾക്കു പദ്ധതി

1410 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ.ജയരാജ്
ശ്രീ. പി.സി.ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജോലി നഷ്ടപ്പെട്ട് ഗൾഫിൽ നിന്നും സംസ്ഥാനത്ത് മടങ്ങി വന്നിട്ടുള്ള പ്രവാസികളുടെ ഉന്നമനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് പ്രവാസികൾക്ക് പ്രത്യേക യോഗ്യതാ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പുസാമ്പത്തികവർഷം എത്ര പ്രവാസികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്നും ആയതിലേക്ക് എത്ര തുക നീക്കിവയ്ക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>നിതാഖാത്ത് നിയമം- മടങ്ങിയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കാൻ നടപടി</u>

1411 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിലെ നിതാഖാത്ത് പ്രശ്നവുമായി ബന്ധപ്പെട്ട് പ്രവാസ ജീവിതം അവസാനിപ്പിക്കേണ്ടിവന്നവരെ പുനരധിവസിപ്പിക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെയുള്ളവരുടെ ക്ഷേമത്തിനായി എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്നും അവ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പ്രവാസികളുടെ വോട്ടവകാശം</u>

1412 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വോട്ടർപട്ടികയിൽ പ്രവാസികളുടെ പേര് ചേർക്കാൻ നിയമ ഭേദഗതി കൊണ്ടുവന്നെങ്കിലും വോട്ടവകാശം നേടുന്നതിന് ഭൂരിഭാഗം പ്രവാസികൾക്കും കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവാസികൾക്ക് വോട്ടവകാശം വിനിയോഗിക്കുന്നതിനായി കൂടുതൽ പ്രായോഗികമായ വഴികൾ നിർദ്ദേശിക്കുന്നതിന് നോർക്ക നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമത്തിനായുള്ള പദ്ധതികൾ</u>

1413 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമത്തിനായി നോർക്ക വകുപ്പ് രൂപീകരിച്ചത് എന്നാണ്;

(ബി) പ്രവാസികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നോർക്കാ വകുപ്പിലൂടെ നടപ്പാക്കുന്നത്;

(സി) നാളിതുവരെ എത്ര തുകയാണ് ഇതിലൂടെ പ്രവാസികളുടെ ക്ഷേമത്തിനായി ചെലവഴിച്ചതെന്ന് വർഷം തിരിച്ച് ഇനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പ്രവാസികളുടെ പുനരധിവാസം</u>

1414 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസികളുടെ പുനരധിവാസത്തിന് വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് പലിശരഹിത വായ്പ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിക്കുമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

'നിതാഖത്ത്' മൂലം തൊഴിൽ നഷ്ടപ്പെട്ട മലയാളികൾ

1415 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ നടപ്പിലാക്കിയ നിതാഖത്ത് വഴി തൊഴിൽ നഷ്ടപ്പെട്ട എത്ര മലയാളികൾ മടങ്ങിയെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചെന്ന് വിശദമാക്കാമോ;

(സി) ഇതിനായി സർക്കാർ എന്തു തുക നീക്കിവെച്ചെന്നും എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>നിതാഖത്ത് മൂലം തൊഴിൽനഷ്ടപ്പെട്ടവരുടെ യാത്രാചെലവ്</u>

1416 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നടപ്പിലാക്കിയ നിതാഖത്ത് വഴി തൊഴിൽ നഷ്ടപ്പെട്ട് നിരാലംബരായ എത്രയാളുകളെ ഇതിനകം തിരികെ എത്തിക്കുന്നതിനുള്ള യാത്രാ ചെലവ് സർക്കാർ വഹിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്തുതുക നീക്കിവച്ചിരുന്നെന്നും ഇതിനകം എന്തു തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>നിതാഖത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം</u>

1417 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിലെ 'നിതാഖത്ത്' നിയമം മൂലം കേരളീയരിൽ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) നിതാഖത്ത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) പുനരധിവാസ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ സഹായം ലഭ്യമായിട്ടുണ്ടോ ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കിനാലൂർ കെ.എസ്.ഐ.ഡി.സി വ്യവസായ കേന്ദ്രത്തിലെ ഗൈഡൻസ് കം ട്രെയിനിംഗ് സെന്റർ</u>

1418 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിദേശത്ത് തൊഴിൽനഷ്ടപ്പെട്ട് മടങ്ങുന്ന മലയാളികൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കിനാലൂർ കെ.എസ്.ഐ.ഡി.സി വ്യവസായ കേന്ദ്രത്തിൽ ഒരു ഗൈഡൻസ് കം ട്രെയിനിംഗ് സെന്റർ തുടങ്ങുന്ന കാര്യം പരിഗണിക്കാമോ?